(സി) ഇരട്ടയാർ-കൽക്കൂന്തൽ ത്വരിത ശുദ്ധജല വിതരണ പദ്ധതി, കട്ടപ്പന-അയ്യപ്പൻകോവിൽ ത്വരിത ശുദ്ധജല വിതരണ പദ്ധതി, വണ്ടൻമേട്-അണക്കര ത്വരിത ശുദ്ധജല വിതരണ പദ്ധതി, ഉടുമ്പൻചോല ത്വരിത ശുദ്ധജല വിതരണ പദ്ധതി, തേർഡ് ക്യാമ്പ് ഗവൺമെന്റ് എൽ.പി. സ്കൂൾ-കരുണാപുരം പഞ്ചായത്ത്, ഗവൺമെന്റ് ട്രൈബൽ സ്കൂൾ-കാഞ്ചിയാർ എന്നിവയാണ് നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾ.

(ഡി) ഇരട്ടയാർ-കൽക്കൂന്തൽ ത്വരിത ശുദ്ധജല വിതരണ പദ്ധതി, കട്ടപ്പന-അയ്യപ്പൻകോവിൽ ത്വരിത ശുദ്ധജല വിതരണ പദ്ധതി, വണ്ടൻമേട്-അണക്കര ത്വരിത ശുദ്ധജല വിതരണ പദ്ധതി, ഉടുമ്പൻചോല ത്വരിത ശുദ്ധജല വിതരണ പദ്ധതി എന്നീ പദ്ധതികൾ 2005 ഡിസംബർ മാസത്തിലും തേർഡ് ക്യാമ്പ് ഗവൺമെന്റ് എൽ.പി. സ്കൂൾ-കരുണാപുരം പഞ്ചായത്ത് പദ്ധതി 2005 മാർച്ച് മാസത്തിലും ഗവൺമെന്റ് ട്രൈബൽ സ്കൂൾ-കാഞ്ചിയാർ പദ്ധതി 2004 ഡിസംബർ മാസത്തിലും കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

സംസ്ഥാന വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർമാരുടെ നിയമനം

90 [253] ശ്രീ. തമ്പാനൂർ രവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വാട്ടർ അതോറിറ്റിയിൽ ഓപ്പറേറ്റർമാരുടെ എത്ര സ്ഥിരം ഒഴിവുകൾ നിലവിലുണ്ട്;

(ബി) ഇവയിൽ എത്ര ഒഴിവുകൾ താൽക്കാലിക നിയമനം വഴിയോ ഡെയിലിവേജസ് വഴിയോ മറ്റ് വിധത്തിലോ നികത്തിയിട്ടുണ്ട്;

(സി) ഈ ഒഴിവുകൾ എത്ര കാലമായി നികത്താതെയിട്ടിരിക്കുന്നുവെന്ന് വിശദമാക്കാമോ;

(ഡി) വാട്ടർ അതോറിറ്റി ഒഴിവുകൾ നികത്തിയിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന ശമ്പളം, അലവൻസ് എന്നീ ഇനത്തിൽ എന്ത് തുകയുടെ ചെലവ് ഇതുവരെ ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഇ) പ്രസ്തുത ഒഴിവുകൾ നികത്തരുതെന്ന് ഇപ്പോൾ ഗവൺമെന്റിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം കിട്ടിയിട്ടുണ്ടോ; എങ്കിൽ എന്ത്;

(എഫ്) ലഭ്യമായ ഓപ്പറേറ്റർ തസ്തികയിലെ എല്ലാ ഒഴിവുകളും ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യണമെന്ന് ഡബ്ല്യു.പി. (സി) നമ്പർ 5549/2004 എന്ന കേസിന്റെ വിധിയിൽ സംസ്ഥാന ഹൈക്കോടതി ഉത്തരവായിട്ടുണ്ടോ; എങ്കിൽ അതനുസരിച്ച് എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു;

(ജി) ഒരൊഴിവും റിപ്പോർട്ട് ചെയ്യാത്തപക്ഷം അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇല്ല

(എഫ്) ഉണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ജി) സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാൻ തീരുമാനിച്ചിട്ടുള്ള സ്കീമുകൾ പൂർണ്ണമായി നടപ്പിലാക്കി കഴിഞ്ഞാൽ മാത്രമേ വാട്ടർ അതോറിറ്റിയിലെ ഓപ്പറേറ്റർമാരുടെ ഒഴിവുകൾ കണക്കാക്കി റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളു.

വാട്ടർ അതോറിറ്റി ഏറ്റെടുത്ത ജലസേചന-ജലവിതരണ പദ്ധതികൾ

91 [254] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം വാട്ടർ അതോറിറ്റി ഏറ്റെടുത്ത ജലസേചന-ജലവിതരണ പദ്ധതികൾ എത്രയാണ്;

(ബി) അവ ഏതൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും വ്യക്തമാക്കാമോ;

(സി) ഇതിൽ ലോകബാങ്കിന്റെ സഹായത്തോടെ ആരംഭിച്ച പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ത്വരിത ഗ്രാമീണ കുടിവെള്ള വിതരണ പദ്ധതിയിൽപ്പെടുന്ന എൻ.സി./പി.സി. പദ്ധതിയിൽ 14 പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. വാട്ടർ അതോറിറ്റി ജലസേചന പദ്ധതികളൊന്നും നടപ്പാക്കുന്നില്ല.

(ബി) പത്തനംതിട്ട ജില്ല

മലയാലപ്പുഴ പഞ്ചായത്ത്:

1. വാർഡ് 1
2. വാർഡ് 2
3. വാർഡ് 3
4. വാർഡ് 4
5. വാർഡ് 6
6. വാർഡ് 7

LIBRARY ARCHIVES Kerala Legislative Assembly